"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭൂമിയ്ക്ക് ഉപയോഗാനുമതി നൽകി പുറപ്പെടുവിച്ച 16.09.2022 ലെ സ.ഉ(എം.എസ്) നം.219/2022/റവ നമ്പർ സർക്കാർ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.64/2024/RD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-
1. സ.ഉ(എം.എസ്) നം.594/2016/റവ, തീയതി 19/12/2016.
2. സ.ഉ(എം.എസ്) നം.219/2022/റവ, തീയതി 16/09/2022.
3. NACIN അഡീഷണൽ ഡയറക്ടറുടെ 25.10.2023 ലെ NACIN/I/(4)/10/2020-ADMN നം കത്ത്.
4. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24.01.2024 ൽ ചേർന്ന യോഗനടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ ഓഫീസ് സമുച്ചയവും ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിനായി ദേവികുളം താലൂക്കിൽ KDH വില്ലേജിൽ സർവ്വെ നം.63/1-ൽ ഉൾപ്പെട്ട 1.4165 ഹെക്ടർ ഭൂമി ആർ ഒന്നിന് 10 ലക്ഷം രൂപാ നിരക്കിൽ കമ്പോള വില ഈടാക്കിക്കൊണ്ട് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 24-ാം ചട്ട പ്രകാരം സെൻട്രൽ എക്സൈസ് & കസ്റ്റംസിന് പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ്, ടി സ്ഥാപനത്തിന് അനുവദിച്ച ഭൂമിയുടെ തെക്ക് ഭാഗത്ത് ഭവനം പദ്ധതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സർവ്വെ നമ്പർ 63/part ൽ പ്പെട്ട സ്ഥലത്തും സർവ്വെ 843 ൽ പ്പെട്ട സ്ഥലത്തും കൂടി 150 മീറ്റർ നീളത്തിൽ 8 മീറ്റർ വീതിയിൽ അംഗനവാടി ജംഗ്ഷനിൽ എത്തുന്ന വിധത്തിൽ നിർമ്മിക്കുന്നതിനായി ഈ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ചുവടെ പറയുന്ന നിബന്ധനകളോടെ സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

i. പ്രവേശന റോഡ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കേണ്ടതാണ്.
ii. റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് NACIN വഹിക്കേണ്ടതാണ്.
iii.ഈ പ്രവേശന റോഡ് നിർദ്ദിഷ്ട ഭവനം പദ്ധതിയ്ക്കും കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

3. ഇപ്രകാരം പ്രവേശന റോഡിനായി അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം കേരള

സർക്കാരിൽ നിക്ഷിപ്തമായതിനാൽ റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് നേടിയെടുക്കാൻ കഴിഞ്ഞില്ലായെന്നും അതിനാൽ പരാമർശം (2) ഉത്തരവ് പുന:പരിശോധിച്ച് ഉത്തരവിലെ രണ്ടാമത് വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നും NACIN അഡീഷണൽ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം(4) പ്രകാരം പ്രവേശന പാതയുടെ നിർമ്മാണ ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കുവാനും പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ ഫണ്ട് ലഭ്യമല്ലായെങ്കിൽ, ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കുവാനും തീരുമാനമായിരുന്നു.

5. മേൽസാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ രണ്ടാമത്തെ നിബന്ധന താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"റോഡ് നിർമ്മാണത്തിനായുള്ള ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്."

6. മേൽ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
അഡീഷണൽ ഡയറക്ടർ, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ക്യാമ്പസ്, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം.2122, തീയതി 13.03.2024)
പൊതുമരാമത്ത് വകുപ്പ്
ധനകാര്യ വകുപ്പ് (EXP-D3/4/2024-FIN Dated 20.01.2024)
കരുതൽ ഫയൽ (എ2/256/2019/റവ)

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
Date: 15-03-2024 11:01:25

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2024**

ഫയൽ നം. എ2/256/2019/റവ. ഇനം നം: 2122

വിഷയം : റവന്യൂ വകുപ്പ് - നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭൂമിയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ടുള്ള 16.09.2022-ലെ സ.ഉ.(എം.എസ്.) നം.219/2022/റവ. നമ്പർ ഉത്തരവിലെ രണ്ടാമത്തെ നിബന്ധന ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

# GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)
## NOTE FOR COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File Number | : | A2/256/2019/RD |
| 2. | Department | : | Revenue (A) Department |
| 3. | Subject | : | Amendment of 2nd condition in the GO(MS) No.219/ 2022/REV dated 16.09.2022 as per which permissive sanction has been given for using land as entry road to the National Academy of Indirect Taxes and Narcotics, Zonal Training Institute. – reg. |
| 4. | Date of Chief Minister's order for placing before the Council | : | 11/03/2024 |
| 5. | (i) Does the case involve financial commitments/ implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note | : | Yes. Remarks of Finance Department has been incorporated. |
| 6. | Are any other Departments concerned with the case if so, have they been consulted and their remarks incorporated in the Note for the Council | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Smt.Mary Laly.C.Y |
| 8. | Name of the Additional Chief Secretary who approved the Draft Note | : | Sri.K.R.Jyothilal |
| 9. | Date of approval of Draft Note for the Council by the Additional Chief Secretary | : | 12/03/2024 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.Venu.V |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 12/03/2024 |
| 12. | Name of Minister who approved the Draft Note | : | Sri. K.Rajan |
| 13. | Date of approval of the Draft Note for the Council by the Minister | : | 12/03/2024 |
| 14. | Date of submission of fair copies | : | 12/03/2024 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of Government Order/ letter communicating the decision | | |

# Note for the Council of Ministers

This note deals with the amendment of 2nd condition in the GO(MS) No.219/ 2022/REV dated 16.09.2022 as per which permissive sanction has been given for using land as entry road to the National Academy of Indirect Taxes and Narcotics, Zonal Training Institute.

2. As per GO(MS) No.594/2016/REV dtd 19.12.2016 permission was given to assign 1.4165 hectares of land in Sy.No.63/1 in Devikulam Taluk of KDH Village by realising market price of Rs 10 Lakhs per Are to Central Excise & Customs Department for establishing an office complex and training center at KDH Village in Devikulam Taluk of Idukki District under Rule 24 of the Kerala Land Assignment Rules, 1964 . Later as per GO(MS)No.219/2022/RD dated 16.09.2022 permissive sanction was given to the Central Excise & Customs Department for construction of 150 m long and 23 m wide access road to National Academy of Indirect Taxes and Narcotics, Zonal Training Institute from the southern side of the land alloted to NACIN reaching at Anganvadi junction through the properties in Survey No. 63/part where proposal has been submitted for Bhavanam Project and Sy. No. 843 by retaining the ownership of land in Revenue Department and subject to the following conditions:

i.The access road shall be constructed by the State Public Work Department.

ii. The fund for road construction shall be met by NACIN.

iii. This access road shall be utilized for the proposed Bhavanam project also.

3. The Additional Director, NACIN has requested that the funds could not be obtained as the ownership of the land alloted for the access road is vested in the Government of Kerala and hence requested to review GO(MS)No.219/2022/RD dated 16.09.2022. It was also informed that Kerala State GST spends approximately Rs. 2 Crores per annum on GST training, and that the proposed NACIN Zonal Campus would assist Kerala GST in reducing expenses, ensuring cost-effectiveness in revenue collection, which in turn, would further enhance the already increasing revenue growth. It is pointed out that the Zonal Campus of a National Training Institute could offer authentic and professional hands-on training at Munnar, thereby effectively expanding the base of generating revenue.

4. When consulted Finance Department for concurrence, that Department opined as follows:

"Finance agrees the request of Additional Director General 1, Government of India, Ministry of Finance, Department of Revenue to review the GO(MS) No.219/2022/RD dated 16/09/2022 and to construct 150-metre long/8metre wide access road by using the funds of Government of Kerala.

This has the approval of Hon'ble Finance Minister."

5. Subsequently, in the meeting chaired by the Chief Secretary on 24.01.2024, it was decided that the State Government would bear the construction costs of the access road by retaining the ownership with the Revenue Department and circulate the file to the Honorable Chief Minister to amend the GO(MS) No. 219/2022/RD dated 16.09.2022 with the approval of the Council of Ministers and also Finance Department shall take steps to allocate required funds if the same is not available with PWD for the construction of access road.

6. In the above circumstances when the file circulated for orders on modifying 2nd condition in the GO(MS) No. 219/2022/RD dated 16.09.2022 as " the fund for the road construction shall be met by State Government", the Hon'ble Chief Minister has ordered to place the matter before Council of Ministers.

**Point for Decision**

Whether the 2nd condition in GO(MS) No.219/2022/RD dated 16/09/2022 as per which permissive sanction has been given for using the land as entry road to National Academy of Indirect Taxes and Narcotics, Zonal Training Institute may be modified as follows;

"The fund for the road construction shall be met by State Government."

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് ഇൻഡയറക്റ്റ് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ)വകുപ്പ്

G.O.(Ms)No.219/2022/RD തീയതി,തിരുവനന്തപുരം, 16-09-2022

---

പരാമർശം:-

1. സ.ഉ(എം.എസ്)നം.594/2016/റവ, തീയതി 19.12.2016.
2. NACIN അഡീഷണൽ ഡയറക്ടർ ജനറലിന്റെ 18.10.2019, 28.08.2020 തീയതികളിലെ C.NO.I/04/02/2017-18 CHN നം. കത്തുകൾ.
3. ഇടുക്കി ജില്ലാ കളക്ടറുടെ 06.07.2020, 23.07.2022 തീയതികളിലെ DCIDK/6147/2018-C4 നം. കത്തുകൾ.
4. NACIN അഡീഷണൽ ഡയറക്ടർ ജനറലിന്റെ 01.10.2020, 03.02.2022 തീയതികളിലെ NACIN/I/(4)/10/2020-ADMN/71 & 110 നം. കത്തുകൾ.
5. 18.08.2021 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

<u>ഉത്തരവ്</u>

സെൻട്രൽ എക്സൈസ് & കസ്റ്റംസിന് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ ഓഫീസ് സമുച്ചയവും ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിനായി ദേവികുളം താലൂക്കിൽ KDH വില്ലേജിൽ സർവ്വെ നം. 63/1- ൽ ഉൾപ്പെട്ട 1.4165 ഹെക്ടർ ഭൂമി ആർ ഒന്നിന് 10 ലക്ഷം രൂപാ നിരക്കിൽ കമ്പോള വില ഈടാക്കിക്കൊണ്ട് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 24-ാം ചട്ട പ്രകാരം പതിച്ച് നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

2. മൂന്നാർ ഗവ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ടി വസ്തുവിലേക്ക് 4.5 മീറ്റർ വീതിയിൽ റോഡിനായി മാറ്റിയിട്ടിട്ടുണ്ടായിരുന്നു. എന്നാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ 2019 ലെ മാനദണ്ഡങ്ങൾ പ്രകാരം പ്രവേശന റോഡിന് 8 മീറ്റർ വീതി ലഭ്യമായാൽ മാത്രമെ NACIN അക്കാദമിയുടെ നിർദ്ദിഷ്ട നിർമ്മാണത്തിന് അനുമതി ലഭ്യമാകുകയുള്ളു വെന്നും അതിനാൽ മൂന്നാർ ഗവ . എഞ്ചിനീയറിംഗ് കോളേജിൽ നിന്നും NACIN-ലേയ്ക്കുള്ള പ്രവേശന റോഡ് 8 മീറ്റർ വിതിയിൽ അനുവദിക്കണമന്നാവശ്യപ്പെട്ട് NACIN അഡീഷണൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3. പ്രസ്തുത റോഡിന്റെ വടക്കുഭാഗം ടാറ്റാ ടീ കമ്പനിയും, തെക്ക് വിവിധ വകുപ്പുകൾക്ക് കൈമാറി നൽകിയ ഭൂമിയാണെന്നും ആകയാൽ ടി വസ്തുവിലേക്ക് നിലവിലുള്ള റോഡിന്റെ വീതി വർദ്ധിപ്പിച്ച് നൽകുവാൻ നിർവ്വാഹമില്ലായെന്നും എന്നാൽ NACIN അക്കാഡമിക്ക്

അനുവദിച്ച ഭൂമിയുടെ തെക്ക് ഭാഗത്ത് ഭവനം പദ്ധതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സർവ്വെ നമ്പർ 63/part ൽപ്പെട്ട സ്ഥലത്തും സർവ്വെ 843 ൽപ്പെട്ട സ്ഥലത്തും കൂടി എട്ട് മീറ്റർ വീതിയിൽ അംഗനവാടി ജംഗ്ഷനിൽ എത്തുന്ന വിധത്തിൽ പ്രവേശന റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും അത് ഭവന പദ്ധതിയ്ക്കും NACIN ക്യാമ്പസിനും ഒരു പോലെ പ്രയോജനപ്രദവും താരതമ്യേന എളുപ്പത്തിൽ സഫലീകരിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ഇക്കാര്യം ചർച്ച ചെയ്യുന്നതിന് 18.08.2021 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചേർക്കുകയും, പുതുതായി നിർദ്ദേശിച്ചിട്ടുള്ള Access road സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്നതാണെന്നും ആയതിനുള്ള ഫണ്ട് NACIN നൽകേണ്ടതാണെന്നും തീരുമാനമായിരുന്നു.

5. Access road-നായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം മലയോര ഭൂപ്രദേശവും കുത്തനെയുള്ള ചരിവുകളുമുള്ളതിനാൽ റോഡ് ലംബമായി മുറിക്കേണ്ടതുണ്ടെന്നും, അത് ഒഴിവാക്കി സുഗമമായ ഗ്രേഡിയന്റിന് ലഭ്യമായ റോഡ് വീതി 8 മീറ്റർ പര്യാപ്തമല്ലെന്നും, റോഡിന്റെ രൂപീകരണത്തിന് ഏകദേശം 23 മീറ്റർ വീതിയുള്ള ഭൂമി ആവശ്യമാണെന്നും കേരള സ്റ്റേറ്റ് PWD എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ റോഡിന്റെയും അതിന്റെ ഉപയോക്താക്കളുടെയും സുരക്ഷയ്ക്കായി slope കട്ടിംഗിന് റോഡിന് 23 മീറ്റർ വീതി ഉണ്ടായിരിക്കണമെന്ന് കാണുന്നതായി ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് , ടി സ്ഥാപനത്തിന് അനുവദിച്ച ഭൂമിയുടെ തെക്ക് ഭാഗത്ത് ഭവനം പദ്ധതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സർവ്വെ നമ്പർ 63/part-ൽപ്പെട്ട സ്ഥലത്തും സർവ്വെ 843-ൽപ്പെട്ട സ്ഥലത്തും കൂടി 150 മീറ്റർ നീളത്തിൽ 23 മീറ്റർ വീതിയിൽ അംഗനവാടി ജംഗ്ഷനിൽ എത്തുന്ന വിധത്തിൽ നിർമ്മിക്കുന്നതിനായി ഈ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നില നിർത്തി ചുവടെ പറയുന്ന നിബന്ധനകളോടെ സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) പ്രവേശന റോഡ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കേണ്ടതാണ് .

ii) റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് NACIN വഹിക്കേണ്ടതാണ്.

iii) ഈ പ്രവേശന റോഡ് നിർദ്ദിഷ്ട ഭവനം പദ്ധതിയ്ക്കും കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR A JAYATHILAK I A S

ADDITIONAL CHIEF SECRETARY

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി

അഡീഷണൽ ഡയറക്ടർ ജനറൽ, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ക്യാമ്പസ്, കൊച്ചി.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം. 1047, തീയതി 14.09.2022)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (റവ-എ2/256/2019-റവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ Signed by Binu Varghese

Date: 17.09.2022 11:06:06

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/256/2019/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്. ഇൻഡയറക്റ്റ് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭൂമിയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ടുള്ള 16.09.2022-ലെ സ.ഉ(എം.എസ്) നം.219/2022/റവ നമ്പർ ഉത്തരവിലെ രണ്ടാമത്തെ നിബന്ധന ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11/03/2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മേരി ലാലി.സി.വൈ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/03/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/03/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭൂമിയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ടുള്ള 16.09.2022 ലെ സ.ഉ(എം.എസ്) നം.219/2022/റവ നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാമത്തെ നിബന്ധന ഭേദഗതി വരുത്തുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ പരിഗണനാവിഷയം.

2. 19.12.2016 ലെ സ.ഉ(എം.എസ്) നം.594/2016/റവ നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ ഓഫീസ് സമുച്ചയവും ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിനായി ദേവികുളം താലൂക്കിൽ KDH വില്ലേജിൽ സർവ്വെ നം.63/1-ൽ ഉൾപ്പെട്ട 1.4165 ഹെക്ടർ ഭൂമി ആർ ഒന്നിന് 10 ലക്ഷം രൂപാ നിരക്കിൽ കമ്പോള വില ഈടാക്കിക്കൊണ്ട് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 24-ാം ചട്ട പ്രകാരം സെൻട്രൽ എക്സൈസ് & കസ്റ്റംസിന് പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ്, ടി സ്ഥാപനത്തിന് അനുവദിച്ച ഭൂമിയുടെ തെക്ക് ഭാഗത്ത് ഭവനം പദ്ധതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സർവ്വെ നമ്പർ 63/part ൽ പ്പെട്ട സ്ഥലവും സർവ്വെ 843 ൽ പ്പെട്ട സ്ഥലവും കൂടി 150 മീറ്റർ നീളത്തിൽ 8 മീറ്റർ വീതിയിൽ അംഗനവാടി ജംഗ്ഷനിൽ എത്തുന്ന വിധത്തിൽ നിർമ്മിക്കുന്നതിനായി ഈ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ചുവടെ പറയുന്ന നിബന്ധനകളോടെ സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിന് ഉപയോഗാനുമതി നൽകി 16.09.2022 ലെ സ.ഉ(എം.എസ്) നം.219/2022/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

i. പ്രവേശന റോഡ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കേണ്ടതാണ്.
ii. റോഡ് നിർമ്മാണത്തിനുള്ള ഫണ്ട് NACIN വഹിക്കേണ്ടതാണ്.
iii. ഈ പ്രവേശന റോഡ് നിർദ്ദിഷ്ട ഭവനം പദ്ധതിയ്ക്കും കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

3. ഇപ്രകാരം പ്രവേശന റോഡിനായി അനുവദിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം കേരള സർക്കാരിൽ നിക്ഷിപ്തമായതിനാൽ ഫണ്ട് നേടിയെടുക്കാൻ കഴിഞ്ഞില്ലായെന്നും അതിനാൽ 16.09.2022 ലെ സ.ഉ.(എം.എസ്) നം.219/2022/റവ നം. ഉത്തരവ് പുനഃപരിശോധിക്കണമെന്നും NACIN അഡീഷണൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. കേരള സംസ്ഥാന ജി എസ് ടി വകുപ്പ് GST പരിശീലനത്തിന് പ്രതിവർഷം 2 കോടി രൂപ ചെലവഴിക്കുന്നതായും നിർദ്ദിഷ്ട NACIN സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ചെലവുകൾ കുറയ്ക്കുന്നതിനും റവന്യൂ ശേഖരണത്തിൽ cost-effectiveness ഉറപ്പാക്കുന്നതിനും കേരള ജി എസ് ടി സഹായിക്കുമെന്നും അതിലൂടെ ഇതിനകം വർദ്ധിച്ചുവരുന്ന വരുമാന വളർച്ചയെ കൂടുതൽ മെച്ചപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്. മൂന്നാറിൽ ആധികാരികവും പ്രൊഫഷണൽ പരിശീലനവും നൽകുവാൻ NACIN സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയുമെന്നും അതുവഴി വരുമാന അടിത്തറ ഫലപ്രദമായി വിപുലീകരിക്കാനാകുമെന്നും അറിയിച്ചിട്ടുണ്ട്.

4. ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance agrees the request of Additional Director General I, Government of India, Ministry of Finance, Department of Revenue to review the GO(MS) No.219/2022/RD dated 16/09/2022 and to construct 150-metre long/8metre wide access road by using the funds of Government of Kerala.

This has the approval of Hon'ble Finance Minister."

5. തുടർന്ന് 24.01.2024 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദിഷ്ട പ്രവേശന റോഡിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നില നിർത്തി, നിർമ്മാണ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതിനും അപ്രകാരം 16.09.2022 ലെ സ.ഉ(എം.എസ്)നം.219/2022/റവ നമ്പർ ഉത്തരവ് മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടു കൂടി ഭേദഗതി ചെയ്യുന്നതിന് ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിയ്ക്കുവാനും പ്രസ്തുത പ്രവേശന പാതയുടെ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ ഫണ്ട് ലഭ്യമല്ലായെങ്കിൽ ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിയ്ക്കേണ്ടതുമാണ് എന്നും തീരുമാനിച്ചിരുന്നു.

6. മേൽ സാഹചര്യത്തിൽ 16.09.2022 ലെ സ.ഉ(എം.എസ്)നം.219/2022/റവ നം. ഉത്തരവിലെ രണ്ടാമത്തെ നിബന്ധന "റോഡ് നിർമ്മാണത്തിനായുള്ള ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്" എന്ന് ഭേദഗതി വരുത്തുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി .

**<u>തീരുമാനിക്കേണ്ട വിഷയം</u>**

നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആന്റ് നാർക്കോട്ടിക്സ് (NACIN) സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കായുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭൂമിയ്ക്ക് ഉപയോഗാനുമതി നൽകിക്കൊണ്ടുള്ള 16.09.2022-ലെ സ.ഉ(എം.എസ്)നം.219/2022/റവ നമ്പർ ഉത്തരവിലെ രണ്ടാമത്തെ നിബന്ധന താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?

"റോഡ് നിർമ്മാണത്തിനായുള്ള ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്"